# കൃഷി വിജ്ഞാന കേന്ദ്രം- ആലപ്പുഴ

# KRISHI VIGYAN KENDRA - ALAPPUZHA

കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം (പ്രാദേശിക കേന്ദ്രം), കായംകുളം - 690 533, കേരളം

Vol. 12 Issue 03 | NEWSLETTER | July- September 2014

വാല്യം 12 ലക്കം 03 | വാർത്താപത്രിക | ജൂലൈ -സെപ്റ്റംബർ 2014



## അകത്താളുകളിൽ



SMART കർഷകരെ ആദരിച്ചു


കണിവെള്ളരിയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ


വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ


മാനവശേഷി വികസനം


വിജയഗാഥ


മണ്ണിന്റെ പുളിപ്പകറ്റാൻ സസ്യപോഷണത്തിനും ഡോളമൈറ്റ്


## 13–ാ മത് ശാസ്ത്രോപദേശക സമിതിയോഗം

കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ പതിമൂന്നാമത് ശാസ്ത്രോപദേശക സമിതി യോഗം 2014 ആഗസ്റ്റ് 6-ാം തീയതി കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം മേധാവി ഡോ. ജോർജ്ജ് വി. തോമസിന്റെ അദ്ധ്യക്ഷതയിൽ നടന്നു. യോഗത്തിൽ കൃഷി വിജ്ഞാന കേന്ദ്രങ്ങളുടെ ബംഗളൂരു സോൺ ഡയറക്ടർ ഡോ. ശ്രീനാഥ് ദീക്ഷിത്, കേരള കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ. പി.വി. ബാലചന്ദ്രൻ, കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി. കൃഷ്ണകുമാർ, കാർഷിക മേഖലയുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ ജില്ലാ തല മേധാവികൾ, കർഷക പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുത്തു.



കഴിഞ്ഞ 9 വർഷമായി കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ശാസ്ത്രോപദേശക സമിതി അദ്ധ്യക്ഷനായിരുന്ന് 2014 ആഗസ്റ്റ് 30 ന് സർവ്വീസിൽ നിന്ന് വിരമിക്കാനിരുന്ന ഡോ. ജോർജ്ജ് വി. തോമസിനെ ചടങ്ങിൽ പൊന്നാടയും ഫലകവും നൽകി ആദരിച്ചു. യോഗത്തിൽ വെച്ച് 'ചക്കയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ' എന്ന പുസ്തകവും 'തെങ്ങിന്റെ കീടങ്ങൾ' എന്ന വിഷയത്തെ അടിസ്ഥാനമാക്കിയുള്ള ലഘു ലേഖകളും കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ വാർത്താ പത്രികയും (വാല്യം 12 ലക്കം.02) പുറത്തിറക്കി.



പ്രോഗ്രാം കോർഡിനേറ്റർ ഡോ.പി.മുരളീധരൻ 12-ാം ശാസ്ത്രോപദേശക സമിതിയുടെ ശുപാർശകളിലെടുത്ത നടപടികളും കഴിഞ്ഞ ഒരു വർഷത്തെ പ്രധാന പ്രവർത്തനങ്ങളുടെ റിപ്പോർട്ടും അവതരിപ്പിച്ചു. വിവിധ മേഖലകളിൽ കൃഷി വിജ്ഞാന കേന്ദ്രം കൈവരിച്ച നേട്ടങ്ങൾ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റുകൾ അവതരിപ്പിച്ചു. കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തങ്ങളും നേട്ടങ്ങളും വിലയിരുത്തിയ അംഗങ്ങൾ അടുത്തവർഷത്തേക്ക് കൂടുതൽ മുന്നേറാനുള്ള നിർദ്ദേശങ്ങൾ പങ്കുവെച്ചു.

## 'SMART' കർഷകരെ ആദരിച്ചു

ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ സ്ഥാപക ദിനത്തോടനുബന്ധിച്ച് കൃഷി വിജ്ഞാന കേന്ദ്രം കുട്ടനാട് താലൂക്കിലെ മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന കാലാവസ്ഥാനുസൃത കൃഷി സമ്പ്രദായങ്ങളുടെ ദേശീയ പദ്ധതിയിൽ പങ്കാളികളായ117 സ്മാർട്ട് കർഷകരെ ആദരിച്ചു. ജൂലൈ 16 ന് കൃഷ്ണപുരത്ത് വെച്ച് നടത്തിയ

ചടങ്ങിലാണ് കാലാവസ്ഥാനുസൃത കൃഷിയിൽ നൽകിയ സംഭാവനകളെ മാനിച്ച് കൗൺസിൽ ഡയറക്ടർ ജനറൽ, ഡെപ്യൂട്ടി ഡയറക്ടർ ജനറൽ തുടങ്ങിയവരുടെ കൈയ്യൊപ്പിട്ട സർട്ടിഫി



ക്കറ്റുകൾ നൽകിയത്. കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, കായംകുളം പ്രദേശിക കേന്ദ്രം മേധാവി ഡോ. വി.കൃഷ്ണകുമാർ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വെച്ച് കേരള കാർഷിക സർവ്വകലാശാലയിലെ മുൻ പ്രൊഫസർ ഡോ. സി. ഭാസ്കരൻ തെരഞ്ഞെടുത്ത 15 കർഷകർക്ക് സർട്ടിഫിക്കറ്റുകൾ കൈമാറി. ചടങ്ങിൽ പങ്കെടുത്ത മുട്ടാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. റെജിമോൾ പുരുഷോത്തമൻ കൃഷി വിജ്ഞാനകേന്ദ്രം മുട്ടാർ പഞ്ചായത്തിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെ പ്രശംസിച്ചു.

## കണിവെള്ളരിയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങൾ

ആലപ്പുഴ ജില്ലയിൽ വെള്ളരി വ്യാപകമായി കൃഷി ചെയ്യുന്ന മേഖലയാണ് ചെങ്ങന്നൂർ ബ്ലോക്കിലെ ആല, വെണ്മ



ണി, ചെറിയനാട് പഞ്ചായത്തുകൾ അതിർത്തി പങ്കിടുന്ന മാന്ത്രപാടശേഖരം. വിഷുവിന് ഉത്പാദനം ലഭിക്കത്തക്ക രീതിയിലാണ് മുണ്ടകൻ കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ കർഷകർ വെള്ളരി കൃഷിയിറക്കുന്നത്. വിഷുവിനോടനുബന്ധിച്ച് ഉയർന്ന വില ലഭിക്കുന്ന വെള്ളരിക്ക് വിഷുവിന് ശേഷം വൻതോതിൽ വിലയിടിയുന്ന ഒരു സ്ഥിതി വിശേഷമാണ് കഴിഞ്ഞ കുറേ വർഷങ്ങളായി നിലനിൽക്കുന്നത്. ഈ അവസരത്തിലാണ് കൃഷി വിജ്ഞാന കേന്ദ്രം ഉത്പന്ന വൈവിദ്ധ്യവത്ക്കരണത്തിലൂടെ കർഷകരുടെ ദുരവസ്ഥയ്ക്ക് പരിഹാരം കണ്ടെത്താൻ ശ്രമിച്ചത്. ഇതിനായി 2013-14 വർഷത്തെ പദ്ധതികളിലുൾപ്പെടുത്തി 'വെള്ളരിയിൽ നിന്നും മൂല്യവർദ്ധനവിലൂടെ ആദായം വർദ്ധിപ്പിക്കാം' എന്ന സംരംഭകത്വ വികസന പരിപാടി നടപ്പിലാക്കി. ഈ പദ്ധതി നടത്തിപ്പിനായി ചെറിയനാട് കൃഷിഭവന്റെ സഹകരണത്തോടെ



വെള്ളരി കർഷകരായ 25 വനിതകൾക്ക് കെ.വി.കെ. യിൽ വച്ച് വെള്ളരിയിൽ നിന്നുള്ള ഉത്പന്ന നിർമ്മാണത്തിന് പരിശീലനം നൽകി. ഇതിൽ നിന്നും ശ്രീമതി. പ്രശോഭ ഗോപാലന്റെ നേതൃത്വത്തിലുള്ള സമൃദ്ധി ഹരിതസംഘം എന്ന സ്വയം സഹായ സംഘത്തെ സംരംഭകത്വ വികസനത്തിനായി തെരഞ്ഞെടുക്കുകയും ഉത്പന്ന നിർമ്മാണത്തിനാവശ്യമായ പാത്രങ്ങൾ, ജ്യൂസർ, പായ്ക്ക് ചെയ്യാനുള്ള ബോട്ടിലുകൾ, ലേബലുകൾ, സീലിങ്ങ് മെഷീൻ എന്നിവ ലഭ്യമാക്കുകയും ചെയ്തു. വെള്ളരിയിൽ നിന്നും സ്ക്വാഷ്, ആർ.ടി.എസ്. (Redy to serve), അച്ചാർ, കൊണ്ടാട്ടം, ബജി, സോപ്പ്, ഫെയ്സ് പാക്ക് തുടങ്ങി നിരവധി ഉത്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള സാങ്കേതിക വിദ്യകൾ പരിശീലിപ്പിച്ചു.

കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ മേൽനോട്ടത്തിൽ ആരംഭിച്ച ഈ യൂണിറ്റ് ഉത്പാദിപ്പിക്കുന്ന വെള്ളരി ഉത്പന്നങ്ങൾക്ക് നല്ല ഡിമാന്റാണ് ഉള്ളത്. ഈ സംരംഭക യൂണിറ്റിന്റെ ഉത്പന്നങ്ങളുടെ വിപണനോദ്ഘാടനം 22.07.2014 ന് ചെറിയനാട് പഞ്ചായത്ത് ഹാളിൽ വെച്ച് നടത്തിയ യോഗത്തിൽ വെച്ച് ചെങ്ങന്നൂർ എം.എൽ.എ. ശ്രീ. പി.സി. വിഷ്ണുനാഥ് നിർവ്വഹിച്ചു. ചെറിയനാട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. വിലാസിനി കരുണാകരൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കൃഷി വിജ്ഞാന കേന്ദ്രം സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി. ജിസ്സി ജോർജ്ജ് ഉത്പന്ന നിർമ്മാണത്തിന്റെ ആവശ്യകതയെയും സാദ്ധ്യതകളെയും കുറിച്ച് വിശദീകരിച്ചു. ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. ജോജി ചെറിയാൻ, ബ്ലോക്ക് പഞ്ചായത്തംഗം ശ്രീ. നാരായണൻ നായർ, ചെറിയനാട് ഗ്രാമ പഞ്ചായത്തംഗങ്ങളായ ശ്രീമതി. ഉഷ വാക്കയിൽ, ശ്രീ. ശശികുമാർ, ചെങ്ങന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. സുജാ ജോർജ്ജ്, കൃഷി ഭവൻ ഉദ്യോഗസ്ഥർ തുടങ്ങിയവരും 150 ഓളം കർഷകരും പങ്കെടുത്തു.

## വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ

### 1) പരിശീലന പരിപാടികൾ

ജൂലൈ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ 24 പരിശീലന പരിപാടികൾ സംഘടിപ്പിച്ചു. ഇതിൽ 595 കർഷകരും യുവതിയുവാക്കളും വിജ്ഞാന വ്യാപന പ്രവർത്തകരും പങ്കാളികളായി.

### 2) പ്രസിദ്ധീകരണങ്ങൾ

i) രവി എസ്. & മുരളീധരൻ പി. 2014 സംയോജിത മത്സ്യ–താറാവ് കൃഷി–കേരളത്തിനനുയോജ്യമായ സുസ്ഥിര കൃഷി മാതൃക. കേരള കർഷകൻ ഇ–ജേർണൽ (ഇംഗ്ലീഷ്) 2(3): 42–47

ii) രാജീവ് എം.എസ്. & മുരളീധരൻ പി. 2014 അർക്ക ആഭ– കേരളത്തിനനുയോജ്യമായ തക്കാളിയിനം. കർഷകൻ 22(9): 46–47

iii) ലേഖാ ജി. & മുരളീധരൻ പി. 2014 ഗിരിജയുടെ സ്നേഹ കൂൺകൃഷി. കർഷകൻ 22 (9).27,47

iv) ജിസി ജോർജ്ജ് & മുരളീധരൻ പി. 2014 ശുദ്ധിയും സമൃദ്ധിയും–വിപണി വിജയത്തിന്റെ വളകിലുക്കം. കേരള കർഷകൻ 60 (2): 36–37

v) ലഘുലേഖകൾ : തെങ്ങിന്റെ കീടങ്ങൾ

❖ കൊമ്പൻചെല്ലി ❖ ചെമ്പൻ ചെല്ലി ❖ ഓലതീനിപ്പുഴു ❖ മണ്ഡരി ❖ പൂങ്കുലച്ചാഴി ❖ മീലിമുട്ട ❖ വേരുതീനിപ്പുഴു

vi) കൈപ്പുസ്തകം

ജിസ്സി ജോർജ്ജ് & മുരളീധരൻ പി. 2014. ചക്കയിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ. 32 പേജ്

### 3) പ്രബന്ധാവതരണം

കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനത്തിൽ സംഘടിപ്പിച്ച 'സുസ്ഥിരമായ തെങ്ങ്, കവുങ്ങ്, കൊക്കോ കൃഷി– സാങ്കേതിക മുന്നേറ്റങ്ങളും പുതിയ പന്ഥാവുകളും' എന്ന ദേശീയ സെമിനാറിൽ കൃഷി വിജ്ഞാന കേന്ദ്രം പ്രോഗ്രാം കോർഡിനേറ്റർ ഡോ.പി.മുരളീധരൻ പങ്കെടുക്കുകയും **വരദ–തെങ്ങിനനുയോജ്യമായ ഇടവിള** എന്ന വിഷയത്തിൽ ഒരു പ്രബന്ധം പോസ്റ്ററായി അവതരിപ്പിക്കുകയും ചെയ്തു.

## മാനവശേഷി വികസന പരിശീലനം

പോണ്ടിച്ചേരിയിലെ പെരുംതലൈവർ കാമരാജ് കൃഷി വിജ്ഞാന കേന്ദ്രത്തിൽ വച്ച് സെപ്റ്റംബർ 10 മുതൽ 12 വരെ സംഘടിപ്പിച്ച **പ്രധാന വിളകളിലെ സംയോജിത കീടരോഗ നിയന്ത്രണം** എന്ന പരിശീലന പരിപാടിയിൽ കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ സസ്യരോഗ വിഭാഗം സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി. ജി.ലേഖ പങ്കെടുത്തു. ന്യൂഡൽഹിയിലെ സംയോജിത കീട നിയന്ത്രണകേന്ദ്രമാണ് ഈ പരിശീലന പരിപാടി സംഘടിപ്പിച്ചത്.

## വിജയഗാഥ

**ആ**ലപ്പുഴ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രം 2012–13 മുതൽ നടപ്പിലാക്കി വരുന്ന ഒരു പ്രധാന മുൻനിര പ്രദർശന പരിപാടിയാണ് സംയോജിത കൃഷി സമ്പ്രദായങ്ങൾ. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 19 കർഷ



കരാണ് ഈ പദ്ധതിയിൽ പങ്കാളികളായിട്ടുള്ളത്. വ്യത്യസ്ത സാഹചര്യങ്ങളിലുള്ള ഈ പ്രദർശന യൂണിറ്റുകളിൽ തികച്ചും അനുകരണീയമായ ഒരു സംയോജിത കൃഷി മാതൃകയാണ് ആലപ്പുഴ വളവനാട്ടെ ഐശ്വര്യയിൽ ശ്രീമതി രാധാമണി അമ്മയുടേത്. അദ്ധ്യാപന വൃത്തിയിൽ നിന്നും വിരമിച്ച ശേഷമാണ് ടീച്ചറും സ്വകാര്യകമ്പനി ജീവനക്കാരനായ മകൻ ജീവനും കൃഷിയിൽ സജീവമാകുന്നത്. തെങ്ങ് പ്രധാന വിളയായ ഒന്നര ഏക്കർ സ്ഥലത്ത് കായ്ഫലമുള്ള 25 തെങ്ങുകളാണ് ഉള്ളത്. ടീച്ചറുടെ പ്രധാന വരുമാന സ്രോതസ്സ് മൃഗസംരക്ഷണമാണ്. 14 പശുക്കളും 2 എരുമകളും 3 പശുകുട്ടികളുമുള്ള ഡയറി യൂണിറ്റിൽ നിന്നും ദിവസവും 75 മുതൽ 90 ലിറ്റർ വരെ പശുവിൻ പാലും 20 ലിറ്ററോളം എരുമപ്പാലും ലഭിക്കും. ഇതുകൂടാതെ 15 ആടുകളെയും 20 മുയലുകളെയും ഇവർ പരിപാലിച്ചു വരുന്നു.



ഈ അവസരത്തിലാണ് കൃഷി വിജ്ഞാന കേന്ദ്രം നടപ്പിലാക്കുന്ന സംയോജിത കൃഷി സമ്പ്രദായ പ്രദർശനത്തെക്കുറിച്ച് രാധാമണി ടീച്ചർ അറിയുന്നതും അതിൽ പങ്കാളിയാകാനുള്ള താത്പര്യം പ്രകടിപ്പിച്ചതും. കൃഷി വിജ്ഞാനകേന്ദ്രം ഇവരുടെ കൃഷിയിടത്തിനനുയോജ്യമായ പുതിയ ഘടകങ്ങൾ കൂട്ടിച്ചേർത്തുകൊണ്ടാണ് ഇടപെട്ടത്. കൃഷിയിടത്തിലുണ്ടായിരുന്ന കുളം വൃത്തിയാക്കി അതിൽ സംയോജിത മത്സ്യ–താറാവ്

കൃഷി ആരംഭിച്ചു. ചിലവു കുറഞ്ഞ രീതിയിൽ പി.വി.സി. പൈപ്പും വലയുമുപയോഗിച്ച് കുളത്തിന് മുകളിൽ നിർമ്മിച്ച കൂട്ടിൽ 40 ഓളം താറാവുകളെയാണ് വളർത്തുന്നത്. കുളത്തിൽ കാർപ്പ്, റെഡ്ബെല്ലി ഇനങ്ങളിൽപ്പെട്ട മീനുകളെയും വളർത്തുന്നുണ്ട്. താറാവിന്റെ കാഷ്ടം മത്സ്യകൃഷിക്ക് സഹായകരമാകുന്ന സംയോജിത കൃഷിയാണ് ഇവിടെ അവലംബിച്ചിരിക്കുന്നത്. തീറ്റ പുല്ലിന്റെ അപര്യാപ്തത പരിഹരിക്കുന്നതിനായി കൃഷി വിജ്ഞാന കേന്ദ്രം CO-4 പുൽക്കടകൾ ലഭ്യമാക്കി. ഇപ്പോൾ ഏകദേശം ഒരേക്കറോളം സ്ഥലത്താണ് ടീച്ചർ



പുൽകൃഷി ചെയ്യുന്നത്. കന്നുകാലികൾക്ക് ആവശ്യമായ പുല്ലിന്റെ നല്ലൊരുഭാഗം ഇതിൽ നിന്നും ലഭിക്കുന്നുണ്ട്. ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മികച്ച 20 കോഴികൾ ഉള്ള ഒരു മുട്ടക്കോഴി യൂണിറ്റും പ്രദർശനത്തിന്റെ ഭാഗമായി തുടങ്ങി. ഇത് കൂടാതെ വീട്ടാവശ്യത്തിന് വിഷമില്ലാത്ത പച്ചക്കറി ലഭിക്കുന്നതിന് 35 ചതുരശ്രമീറ്റർ വലിപ്പമുള്ള ഒരു മഴമറയും കെ.വി.കെ. ലഭ്യമാക്കി. മുള, കവുങ്ങ് തുടങ്ങിയവയും യു.വി. സ്റ്റെബിലൈസ്ഡ് പോളിത്തീൻ ഷീറ്റും കൊണ്ട് നിർമ്മിച്ച ചെലവ്കുറഞ്ഞ മഴ മറയിൽ വെണ്ട, ചീര, പയർ, പാവൽ, മുളക്, വഴുതന തുടങ്ങി എല്ലത്തരം പച്ചക്കറികളും കുടുംബാംഗങ്ങളെല്ലാം ചേർന്ന് കൃഷി ചെയ്തുവരുന്നു. കാലിത്തൊഴുത്തിൽ നിന്നും മുയൽ, ആട് ഇവയുടെ കൂട്ടിൽ നിന്നും ലഭിക്കുന്ന ജൈവ വസ്തുക്കൾ പുനഃചംക്രമണം ചെയ്യുന്നതിനായി ഒരു ഗോബർ ഗ്യാസ് യൂണിറ്റും പോർട്ടബിൾ ബയോഗ്യാസ് യൂണിറ്റും ടീച്ചറിനുണ്ട്. ഇത് മൂലം പരിസരം വൃത്തിയായി സൂക്ഷിക്കാമെന്നത് മാത്രമല്ല വീട്ടാവശ്യത്തിനുള്ള പാചകവാതകവും കൃഷിക്കാവശ്യമായ ഗുണമേന്മയുള്ള ബയോഗ്യാസ് സ്ലറിയും ലഭിക്കുന്നുണ്ട്. ഗ്രാമശ്രീ കോഴികളിൽ നിന്നും താറാവിൽ നിന്നുമായി ദിവസേന ശരാശരി 40 മുട്ടകളോളം ഇവർക്ക് ലഭിക്കുന്നുണ്ട്. ഡയറി യൂണിറ്റിൽ നിന്ന് 25000 രൂപയോളം മാസ വരുമാനം ലഭിക്കും. ആട്, മുയൽ യൂണിറ്റുകൾ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കാൻ വേണ്ടിയാണ് പ്രധാനമായും പ്രയോജനപ്പെടുത്തുന്നത്. ആട്ടിൻ കുട്ടികൾക്ക് രണ്ടര മാസം പ്രായമാകുമ്പോൾ 3000 രൂപയോളം ആദായം ലഭിക്കുന്നു.

കൃഷി, മൃഗസംരക്ഷണം, മത്സ്യം തുടങ്ങിയ എല്ലാ മേഖലകളേയും കോർത്തിണക്കിക്കൊണ്ടുള്ള സംയോജിത കൃഷി അവലംബിക്കുക വഴി റിട്ടയർമെന്റ് ജീവിതം ഫലവത്താക്കുകയാണ് രാധാമണി ടീച്ചർ. കൃഷിയോടുള്ള മകന്റെ താൽപര്യവും മരുമകളുടെയും പേരക്കുട്ടികളുടെയും ആവേശവുമാണ് ടീച്ചറെ കൂടുതൽ ഉത്സാഹഭരിതയാക്കുന്നത്. ഏവർക്കും അനുകരിക്കാവുന്ന ഒരു നല്ല മാതൃകയാണ് ഈ കുടുംബ കൃഷി.

## മണ്ണിന്റെ പുളിപ്പകറ്റാനും സസ്യപോഷണത്തിനും ഡോളമൈറ്റ്

വിളകളുടെ രാസവള ഉപയോഗത്തിന്റെ കാര്യക്ഷമതയെ നിയന്ത്രിക്കുന്ന മണ്ണിന്റെ സ്വഭാവങ്ങളിലൊന്നാണ് അമ്ലത്വം അഥവ പുളിപ്പ്. അമ്ലത്വം കൂടുതലുള്ള മണ്ണിൽ നിന്നും പോഷകങ്ങൾ വലിച്ചെടുക്കാൻ ചെടികൾക്ക് കഴിയുന്നില്ല. ഇത് നിയന്ത്രിക്കുന്നതിനായി കാലങ്ങളായി ഉപയോഗിക്കുന്ന വസ്തുവാണ് കുമ്മായം. അടുത്ത കാലത്തായി കേരളത്തിൽ ഉടനീളം നടത്തിയ മണ്ണ് പരിശോധനയിൽ ഭൂരിഭാഗം മണ്ണിലും അമ്ലത്വം കൂടുതലുള്ളതായി കണ്ടെത്തിയിട്ടുണ്ട്. നൈട്രജൻ, പൊട്ടാസ്യം എന്നീ മൂലകങ്ങളെ കൂടാതെ ഉപപ്രധാന മൂലകങ്ങളായ കാത്സ്യം, മഗ്നീഷ്യം എന്നിവയും വ്യാപകമായി കുറവുള്ളതായി പഠനങ്ങളിൽ നിന്നും മനസ്സിലായി.

മണ്ണിലെ അമ്ലത്വം, കാത്സ്യം, മഗ്നീഷ്യം എന്നീ മൂലകങ്ങളുടെ അഭാവം എന്നീ പ്രശ്നങ്ങൾ ഒറ്റയടിക്ക് പരിഹരിക്കുന്നതിനായി ഡോളമൈറ്റ് എന്ന ഗുണമേന്മയുള്ള കുമ്മായ വസ്തു ഉപയോഗിക്കാം. ഇതിൽ കാത്സ്യവും മഗ്നീഷ്യവും അടങ്ങിയിരിക്കുന്നു. സസ്യങ്ങൾക്ക് പച്ചനിറം നൽകുന്ന ഹരിതകത്തിലെ ഒരു ഘടകമാണ് മഗ്നീഷ്യം. കുമ്മായം ഉപയോഗിക്കാൻ ശുപാർശ ചെയ്യപ്പെട്ട അതേ അളവിൽ ഡോളമൈറ്റ് ഉപയോഗിക്കാവുന്നതാണ്. ഒരു സെന്റ് സ്ഥലത്ത് 2.5 കി. ഡോളമൈറ്റ് ഉപയോഗിക്കാം. മണ്ണുമായി ചേർത്ത് ഇളക്കി രണ്ടാഴ്ചയ്ക്ക് ശേഷം മാത്രമെ രാസവളങ്ങൾ ചേർക്കാവൂ. തെങ്ങിന് 1 കി. വീതവും വാഴയ്ക്ക് 750 ഗ്രാം വീതവും ഒറ്റയ്ക്കോ തവണകളായോ വർഷത്തിൽ നൽകാം.

കുമ്മായത്തിനേക്കാൾ വില കുറവാണ് ഡോളമൈറ്റിന്. മഗ്നീഷ്യത്തിന്റെ അളവ് 10-12% മെങ്കിലുമുള്ള ഡോളൈമൈറ്റ് വേണം ഉപയോഗിക്കാൻ.

കൃഷിവിജ്ഞാന കേന്ദ്രം മുട്ടാർ പഞ്ചായത്തിൽ നെല്ലിലും വാഴയിലും നടത്തിയ പ്രദർശന പരിപാടികളിൽ ഡോളമൈറ്റ് ഉപയോഗിച്ചതുവഴി വളപ്രയോഗത്തിന്റെ കാര്യക്ഷമത വർദ്ധിച്ചതായും വിളവ് മെച്ചപ്പെട്ടതായും കർഷകർക്ക് ബോദ്ധ്യപ്പെടുകയും ഡോളമൈറ്റിന്റെ ഉപയോഗം സമീപ പ്രദേശങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

*പ്രസാധനം :* **ഡയറക്ടർ**, സിപിസിആർഐ, കാസർഗോഡ്;
*ഏകോപനം & എഡിറ്റിംഗ്* : **ഡോ. പി. മുരളീധരൻ**, പ്രോഗ്രാം കോർഡിനേറ്റർ; *ശേഖരണം & ലേഔട്ട്* : **രാജീവ് എം. എസ്.** എസ്എംഎസ്.; *സാങ്കേതിക വിവരങ്ങൾ* : **ഡോ.എസ്. രവി, ജിസ്സി ജോർജ്ജ്, ലേഖ. ജി, ഡോ.കെ. സജ്നനാഥ്**
*സാങ്കേതിക സഹായം* : **ആരതി ബാലകൃഷ്ണൻ, ബിജില പി.വി., അൻസാരി കെ.എം.** *ഫോട്ടോ* : **ഇ.ആർ. അശോകൻ & കെവികെ സ്റ്റാഫ്**